ഫയലുകളും തീപ്പാക്കേണ്ടതുമാണെന്ന നിർദ്ദേശം എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുണ്ട്. ഇപ്രകാരം കഴിഞ്ഞ മാസം ഫയൽ അദാലത്ത് നടത്തി വിശദാംശങ്ങൾ ലഭ്യമാക്കുവാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ടുകൾ വകുപ്പുകളിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്നതേയുള്ളൂ.

(സി) എല്ലാ വകുപ്പുകളുടെയും പ്രതിമാസ പ്രവർത്തന പത്രിക അവലോകനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കാറുണ്ട്. ഏറ്റവും ഒടുവിൽ തയ്യാറാക്കിയ സെക്രട്ടേറിയറ്റ് വകുപ്പുകളുടെ ഒക്ടോബർ മാസത്തെ റിപ്പോർട്ടനുസരിച്ച് മൊത്തം 1,16,409 പഴയ ഫയലുകളിൽ 15,172 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. ഒരു വർഷത്തിനും രണ്ട് വർഷത്തിനും ഇടയ്ക്കുള്ള 18,761 ഫയലുകളിൽ 2145 ഫയലുകൾ തീർപ്പാക്കി. രണ്ടു വർഷത്തിനുമേൽ പഴക്കമുള്ള 14968 ഫയലുകളിൽ 1628 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. വിവിധ സർക്കാർ വകുപ്പുകളുടെ സെപ്തംബർ മാസത്തെ റിപ്പോർട്ടനുസരിച്ച് 1,78,367 പഴയ ഫയലുകളിൽ 16,447 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. ഒരു വർഷത്തിനും രണ്ട് വർഷത്തിനും ഇടയ്ക്കുള്ള 30,392 ഫയലുകളിൽ 4,061 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. രണ്ടു വർഷത്തിനുമേൽ പഴക്കമുള്ള 27,287 ഫയലുകളിൽ 3319 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. സെക്രട്ടേറിയറ്റ് വകുപ്പുകളുടെ ഒക്ടോബർ മാസത്തെ റിപ്പോർട്ട് 22-11-2014-ലും വിവിധ സർക്കാർ വകുപ്പുകളുടെ സെപ്റ്റംബർ മാസത്തെ റിപ്പോർട്ട് 10-11-2014 ലുമാണ് ഏറ്റവും ഒടുവിൽ തയ്യാറാക്കിയത്.

സെക്രട്ടേറിയറ്റിലെ സേവനങ്ങൾക്കുള്ള കാലവിളംബം

43 (43) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് കാലവിളംബം നേരിടുന്നു എന്ന പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) സെക്രട്ടേറിയറ്റിന്റെ നവീകരണത്തിനായി സമർപ്പിക്കപ്പെട്ട ശിപാർശകൾ നടപ്പിലാക്കിയും, സെക്രട്ടേറിയറ്റ് മാന്വൽ പരിഷ്കരിച്ചും ജീവനക്കാരുടെ മനോഗതി മാറ്റുന്നതിനാവശ്യമായ പരിശീലനം നൽകിയും പരാതി പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സർക്കാരിൽനിന്ന് പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ കാലവിളംബം കൂടാതെ ലഭ്യമാക്കാൻ സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എല്ലാ സർക്കാർ ജീവനക്കാർക്കും വികസനോന്മുഖമായ പരിശീലനം നൽകണമെന്നതാണ് സർക്കാർ നയം. കേരള സംസ്ഥാന പരിശീലന നയം അടിസ്ഥാനമാക്കി സർക്കാർ ഉദ്യോഗസ്ഥർക്ക് വികസനവും കാര്യക്ഷമതയും മുൻനിർത്തിയുള്ള വിവിധ തരത്തിലുള്ള പരിശീലനപരിപാടികൾ നടത്തിവരുന്നുണ്ട്. പുതുതായി സർവീസിൽ പ്രവേശിക്കുന്നവർക്കുള്ള ഇൻഡക്ഷൻ ട്രെയിനിംഗും ഇതിൽ ഉൾപ്പെടും. കേരള സംസ്ഥാന ഭരണപരിഷ്കാര കമ്മിറ്റിയുടെ സെക്രട്ടേറിയറ്റ് നവീകരണത്തിനായുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകുന്നതിലേയ്ക്ക് ഒരു ഇൻഹൗസ് ട്രെയിനിംഗ് & ഡെവലപ്മെന്റ് സെൽ രൂപീകരിക്കുന്നത് സജീവമായി പരിഗണിച്ചുവരുന്നു. കൂടാതെ സെക്രട്ടേറിയറ്റ് മാന്വൽ കാലോചിതമായി പരിഷ്കരിക്കുന്ന കാര്യവും പരിശോധിച്ചുവരുന്നു.

കേന്ദ്രസർക്കാരിന് സമർപ്പിച്ച നിവേദനങ്ങൾ

44 (44) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ കേന്ദ്രസർക്കാർ അധികാരമേറ്റശേഷം കേരളം എന്തെല്ലാം ആവശ്യങ്ങളാണ് നിവേദനമായി കേന്ദ്രസർക്കാരിനു സമർപ്പിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത നിവേദനങ്ങളിൽ കേന്ദ്ര സർക്കാർ അംഗീകരിച്ചു നടപ്പിലാക്കുവാൻ ശ്രമങ്ങൾ ആരംഭിച്ചിട്ടുള്ളത് ഏതെല്ലാം ;

(സി) റെയിൽവെയുടെ കാര്യത്തിൽ കേരളത്തോടുള്ള അവഗണനയ്ക്ക് പരിഹാരം കാണുന്നതിനായി എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ശ്രമം ആരംഭിച്ചിട്ടുണ്ടോ ;

(ഡി) നിർദ്ദിഷ്ട പാലക്കാട് റെയിൽവെകോച്ച് ഫാക്ടറിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(ഇ) നിർദ്ദിഷ്ട കോച്ച് ഫാക്ടറി നടപ്പിലാക്കുമെന്നതിന് കേന്ദ്രത്തിൽനിന്നും എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) നിലവിലെ കേന്ദ്രസർക്കാർ അധികാരമേറ്റശേഷം 2014 ഒക്ടോബർ 17-ന് പ്രധാനമന്ത്രിയെ സന്ദർശിച്ച മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം മുഖേന ചേർക്കുന്ന ആവശ്യങ്ങൾ നിവേദനമായി സമർപ്പിച്ചു

LIBRARY ARCHIVES Kerala Legislative Assembly